**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**<u>നാഷണൽ റൂറൽ ലൈവ് ലി ഹുഡ്സ് മിഷൻ വായ്പ</u>**

**28.03.2018-ൽ മറുപടി**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5895**

| | ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നാഷണൽ റൂറൽ ലൈവ് ലി ഹുഡ്സ് മിഷൻ വായ്പ നൽകുന്നുണ്ടോ; എങ്കിൽ എത്ര തുക വീതമാണ് വായ്പയായി നൽകുന്നതെന്ന് വിശദമാക്കാമോ; | എ) | നാഷണൽ റൂറൽ ലൈവ് ലി ഹുഡ് മിഷൻ പദ്ധതിയുടെ കീഴിൽ കുടുംബശ്രീ സിഡിഎസ്സുകൾ മുഖേന സംരംഭകർക്ക് വായ്പ നൽകുന്നുണ്ട്. വ്യക്തിഗത സംരംഭകർക്ക് പരമാവധി 50,000/- രൂപയും, ഗ്രൂപ്പ് സംരംഭകർക്ക് പരമാവധി 1,50,000/- രൂപയുമാണ് കമ്മ്യൂണിറ്റി എന്റർപ്രൈസസ്സ് ഫണ്ടിനത്തിൽ വായ്പയായി നൽകി വരുന്നത്. |
| (ബി) | ഏതെല്ലാം കാര്യങ്ങൾക്കായാണ് വായ്പ നൽകുന്നത്; | ബി) | കൃഷി അനുബന്ധ/ കൃഷിയിതര സംരംഭങ്ങൾ, സേവന/ ഉത്പാദന സംരംഭങ്ങൾ, വന വിഭാഗങ്ങളുമായി ബന്ധപ്പെട്ട സംരംഭങ്ങൾ തുടങ്ങി നിയമാനുസൃതമായി നടത്തപ്പെടുന്ന ഏത് കുടുംബശ്രീ സംരംഭത്തിനും കമ്മ്യൂണിറ്റി എന്റർപ്രൈസസ്സ് ഫണ്ടിനത്തിൽ വായ്പ നൽകുന്നുണ്ട്. |
| (സി) | ഇവയ്ക്ക് പലിശ ഈടാക്കുന്നുണ്ടോ; എങ്കിൽ എത്രശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ? | സി) | ഇപ്രകാരമുള്ള വായ്പകൾക്ക് പരമാവധി 4% വീതമാണ് പലിശയിനത്തിൽ ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ.